(എ) ഗവണ്മെന്റ് ഉത്തരവ് 418/96 (പൊതുമരാമത്ത് വകുപ്പ്) പ്രകാരം 28.2.1996-ൽ ഭരണാനുമതി നൽകിയ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കാർത്തികപുരം പാലത്തിന്റെ പണി ടെൻഡർ നൽകാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പാലത്തിന്റെ പണിക്കുവേണ്ടി നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കാർത്തികപുരം പാലത്തിന് 28/2/96 ലെ ജി.ഒ. (ആർ.റ്റി.) 418/96 പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകി എങ്കിലും പ്രത്യേകാനുമതിയോ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത പാലത്തിന് വേണ്ടിയുള്ള വിശദമായ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചുവരുന്നു. ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുകയും പ്രത്യേകാനുമതി നൽകുകയും ചെയ്താൽ മാത്രമേ പാലത്തിന്റെ പണി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രത്യേകാനുമതി നൽകിയശേഷം പാലത്തിന്റെ പണിക്കുവേണ്ടി നബാർഡിന്റെ സഹായം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

88 (553) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മരാമത്തു പണികൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതിയിൽപ്പെട്ട എത്ര തുകയുടെ മരാമത്തു പണികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ വിശദാംശവും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പണികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും ശേഷിക്കുന്നവ ഓരോന്നും എന്നേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും വെളിപ്പെടുത്തുമോ;

(സി) ഹരിപ്പാട് ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുകയുണ്ടായോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണ ജോലി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) മരാമത്ത് പണികളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ശേഖരിക്കാറില്ല.

(സി&ഡി) ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്. ഭരണാനുമതി നൽകി മറ്റു നടപടിക്രമങ്ങളും പൂർത്തിയാക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly